# പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 383 — 12.01.2021 - ൽ മറുപടിക്ക്

## താളിയോല മ്യൂസിയം

**ചോദ്യം**

ശ്രീ.വി.എസ്.ശിവകുമാർ

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | ഏഷ്യയിലെ ഏറ്റവും വലിയ താളിയോല മ്യൂസിയം തിരുവനന്തപുരത്ത് സ്ഥാപിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) | പുരാരേഖാ വകുപ്പിന്റെ മേഖലാ ഓഫീസായ തിരുവനന്തപുരം സെൻട്രൽ ആർക്കൈവ്സിൽ താളിയോല രേഖാമ്യൂസിയം സജ്ജീകരണത്തിനായി 2020-21 സാമ്പത്തിക വർഷം 4 കോടി രൂപ ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയുണ്ടായി. ഇതിനായി 15.05.2020-ലെ സ.ഉ.(സാധാ) നം. 221/2020/ സാം.കാ.വ പ്രകാരം 3,96,49,954/- രൂപയുടെ ഭരണാനുമതി നൽകി ഉത്തരവായിരുന്നു. തുടർന്ന് പ്രവർത്തനം ആരംഭിക്കുന്നതിനായി മ്യൂസിയം നിർമ്മാണങ്ങളുടെ നോഡൽ ഏജൻസിയായ കേരളം ചരിത്ര പൈതൃക മ്യൂസിയവുമായി പുരാരേഖാ വകുപ്പ് MoU ഒപ്പ് വയ്ക്കുകയും ഒന്നാം ഘട്ടമായി 20% തുക കൈമാറുകയും ചെയ്തിട്ടുണ്ട്. മ്യൂസിയം നിർമ്മിക്കാനായി ഉദ്ദേശിച്ചുള്ള കെട്ടിടത്തിന്റെ ഘടനാപരമായ സംരക്ഷണ പ്രവൃത്തികൾ ആരംഭിക്കുകയും ഇതോടൊപ്പം ഗ്യാലറിയുടെ പ്രവർത്തനങ്ങളും നടന്നു വരികയുമാണ്. ഇതിനായി ഡയറക്ടർ കൺവീനറായി ഒരു കണ്ടന്റ് ക്രിയേഷൻ കമ്മിറ്റി രൂപീകരിക്കുകയും കണ്ടന്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പുരാവസ്തു വകുപ്പിന് കീഴിലുള്ള മറ്റ് പുരാരേഖകളും പ്രസ്തുത മ്യൂസിയത്തിൽ പ്രദർശിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (ബി) | പുരാവസ്തുവകുപ്പിന് കീഴിലുള്ള പുരാരേഖകൾ പ്രസ്തുത മ്യൂസിയത്തിൽ പ്രദർശിപ്പിക്കുവാൻ തീരുമാനിച്ചിട്ടില്ല.<br>പുരാരേഖാ വകുപ്പിലെ തന്നെ താളിയോലകൾ, മുളക്കരണങ്ങൾ, ചെപ്പേട്ടുകൾ എന്നിവയാണ് ടി മ്യൂസിയത്തിൽ പ്രദർശിപ്പിക്കാൻ തീരുമാനിച്ചിട്ടുള്ളത്. |
| (സി) | പ്രസ്തുത മ്യൂസിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി എത്ര കോടി രൂപ അനുവദിച്ചുവെന്ന് വെളിപ്പെടുത്താമോ? | (സി) | 15.05.2020-ലെ സ.ഉ.(സാധാ) നം. 221/2020/ സാം.കാ.വ പ്രകാരം 3,96,49,954/- രൂപയുടെ ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ